# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2577 — 14.02.2013-ൽ മറുപടിക്ക്

### സർക്കാർ ആശുപത്രികളിലെ പ്രസവ ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി :<br>,, വി. പി. സജീന്ദ്രൻ :<br>,, ലൂഡി ലൂയിസ് :<br>,, എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ പ്രസവത്തിനെത്തുന്നവർക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഭാരതസർക്കാർ, അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യമെമ്പാടും ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് "ജനനീ ശിശു സുരക്ഷാ പദ്ധതി". ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും, പ്രസവം കഴിഞ്ഞ് 42 ദിവസം വരെ അമ്മമാർക്കും, 30 ദിവസം വരെ നവജാത ശിശുക്കൾക്കും ആവശ്യമായ ചികിത്സാ ചിലവ്, സൗജന്യമായി മരുന്നുകൾ, മറ്റു ചികിത്സാ സാമഗ്രികൾ, സൗജന്യ ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യമായി രക്തം നൽകൽ തുടങ്ങിയ സഹായങ്ങൾ നൽകി വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) ഗർഭിണികൾക്കും അസുഖബാധിതരായ നവജാതശിശുക്കൾക്കും നൽകേണ്ട ആരോഗ്യ സുരക്ഷയ്ക്ക് അങ്ങേയറ്റം ഊന്നൽ നൽകിക്കൊണ്ട് അവരുടെ ചികിത്സാ അവകാശങ്ങൾ സംരക്ഷിക്കുക.<br>അമിതച്ചെലവ് ഇല്ലാതാക്കി ചിലവ് രഹിത പദ്ധതി നടപ്പിലാക്കുക.<br>ആശുപത്രി പ്രസവങ്ങൾ 100% ഉറപ്പാക്കുക.<br>മാതൃ ശിശു മരണ നിരക്ക് കുറയ്ക്കുക എന്നിവയും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. |

| | |
|---|---|
| (സി) ഇവർക്ക് ഗർഭകാല ശുശ്രൂഷ, നവജാത ശിശു ചികിത്സ എന്നിവ സൗജന്യമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കാമോ ; | (സി) ഈ സംരംഭത്തിന് കീഴിൽ ഒരു ഗർഭിണിയെ പ്രസവത്തിനായി വീട്ടിൽ നിന്നും സർക്കാർ ആശുപത്രിയിലേക്കും പ്രസവാനന്തരം വീട്ടിലേക്കും, വിദഗ്ധ ചികിത്സ ആവശ്യമെങ്കിൽ കൂടുതൽ സുരക്ഷാ സംവിധാനമുള്ള ആശുപത്രികളിലേക്കും എത്തിക്കുന്നതിന് സൗജന്യ ഗതാഗതം.<br>സൗജന്യമായി മരുന്നുകൾ, മറ്റു ചികിത്സാ സാമഗ്രികൾ, സൗജന്യ ലാബ് പരിശോധന, രക്തം ആവശ്യമെങ്കിൽ സൗജന്യമായി രക്തം നൽകൽ, സൗജന്യ ഭക്ഷണം എന്നിവ ഈ സംരംഭത്തിനു കീഴിൽ ആശുപത്രിയിലൂടെ നൽകും.<br>നവജാതശിശുക്കൾക്ക് 30 ദിവസം വരെയുള്ള സൗജന്യചികിത്സയും ഈ പദ്ധതിക്കു കീഴിലുണ്ട്. സൗജന്യചികിത്സയും സൗജന്യയാത്രയും ഒപ്പം വിദഗ്ധ ചികിത്സ ആവശ്യമെങ്കിൽ അതും ലഭ്യമാക്കും. |
| (ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; വിശദാംശം എന്തെല്ലാം ? | (ഡി) കേന്ദ്ര സർക്കാർ ധനസഹായത്തോടെ എൻ.ആർ.എച്ച്.എം. മുഖേനയാണ് ഈ പദ്ധതി നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ